# Handbook for

# Bhashamrutham

## Std-1

RAINBOW PUBLISHERS PVT. LTD.
Value Education

IX/14-15, Kakkanad-Pallikkara Road, Athani
Kusumagiri P.O., Kakkanad, Kochi-682 030.
Phone: 0484-2429261, 9072391869,
8594040422

## ഭാഷ

മനുഷ്യരുടെ ആന്തരികവും ബാഹ്യവും ആയ ജീവിതത്തിന്റെ പ്രധാന ഘടകമാണ് ഭാഷ. ആശയവിനിമയത്തിനുള്ള സ്വാഭാവികമായ ഉപാധിയാണ് 'ഭാഷ' എന്നതിനപ്പുറം ജീവിതത്തിന്റെ സമസ്തതലങ്ങളുമായി അത് ബന്ധപ്പെട്ടിരിക്കുന്നു.

- ❖ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകം ഭാഷയാണ്. അതിനനുസരണമായി ഭാഷാധ്യാപനത്തിന് വ്യക്തമായ ചില ലക്ഷ്യങ്ങളുണ്ട്. വിദ്യാഭ്യാസം കൊണ്ട് എന്താണോ ലക്ഷ്യമാക്കുന്നത് ആ ലക്ഷ്യം നേടാൻ പ്രയോജനപ്പെടുന്ന മാർഗ്ഗങ്ങൾ അധ്യാപന സമ്പ്രദായത്തിൽ സ്വീകരിക്കണം.
- ❖ ശബ്ദമാണ് ഭാഷയുടെ സ്വാഭാവികവും അടിസ്ഥാനപരവുമായ രൂപം. ഉച്ചരിക്കുന്ന ശബ്ദമായ 'വർണ്ണ'ത്തെ സൂചിപ്പിക്കുന്ന രേഖാസങ്കേതമാണ് ലിപി.
- ❖ മനുഷ്യൻ ഉച്ചരിക്കുന്ന ശബ്ദങ്ങളുടെ ലിഖിതസങ്കേതമാണ് അക്ഷരങ്ങൾ. അക്ഷരം എഴുതാൻ സ്വീകരിക്കുന്ന രേഖയാണ് ലിപി.
- ❖ അക്ഷരത്തിന്റെ ശരീരം ലിപിയും ആത്മാവ് ഉച്ചാരണവും ആകുന്നു.

## മാതൃഭാഷ

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനശിലയാണ് മാതൃഭാഷ. മാതൃഭാഷയിൽ ശരിയായ അറിവ് ഉണ്ടാകാത്തിടത്തോളം വിദ്യാഭ്യാസം പൂർണ്ണമായി എന്നു കരുതാൻ സാധ്യമല്ല. ശിശുവിന് മാതാവിന്റെ മുലപ്പാൽ എങ്ങനെയാണോ അതുപോലെയാണ് വിദ്യാർത്ഥികൾക്ക് മാതൃഭാഷയെന്ന് മഹാകവി രവീന്ദ്രനാഥടാഗോർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ.

മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ.
അമ്മതാൻ തന്നേ പകർന്നു തരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ് തോന്നൂ!



ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം!

മാതൃഭാഷയുടെ മഹത്വം മഹാകവി വള്ളത്തോൾ ഉദ്ഘോഷിക്കുന്നു. ഇതിൽനിന്നും മൂന്നുകോടി ജനങ്ങൾ സംസാരിക്കുന്ന നമ്മുടെ മാതൃഭാഷ മലയാളത്തിന്റെ പ്രാധാന്യം, മഹിമ വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ ഇതര വിഷയങ്ങളിൽ/ഭാഷകളിൽനിന്ന് വ്യത്യസ്തമായ സമീപനമാണ് ഭാഷാധ്യാപനത്തിൽ സ്വീകരിക്കേണ്ടത്.

ആശയവിനിമയോപാധി, സാഹിത്യമാധ്യമം എന്നീ നിലകളിൽ നിന്ന് ഭാഷാപ്രയോഗക്ഷമതയിൽ എത്തിച്ചേരുക എന്നതാണ് ഭാഷാധ്യാപനത്തിന്റെ ആത്യന്തികലക്ഷ്യം.

ശ്രവണം
ഭാഷണം
വായന
ലേഖനം
എന്നീ നൈപുണികൾ സ്വയത്തമാക്കുക ഭാഷയിൽ പ്രാവീണ്യം നേടുക.

- ❖ സാഹിത്യം ആസ്വദിക്കുക.
- ❖ സന്ദർഭാനുസരണം നൂതനപദങ്ങളുടെ പ്രയോഗം
- ❖ സ്വന്തമായ ഭാഷാശൈലി രൂപപ്പെടുത്തുക

## പ്രാഥമികതലം/പ്രൈമറിതലം

- ❖ വിദ്യാഭ്യാസത്തിലെ പ്രധാനഘട്ടമാണ് പ്രാഥമികഘട്ടം/പ്രൈമറിതലം.
- ❖ മാതാപിതാക്കൾ, കുടുംബാംഗങ്ങൾ, മറ്റുള്ളവർ സംസാരിക്കുന്നത് കേട്ടും അനുകരിച്ചും കുട്ടികൾ ഭാഷാപഠനം ആരംഭിക്കുന്നു.
- ❖ കുട്ടിയുടെ ആശയങ്ങളും ശബ്ദങ്ങളും പരിമിതമായിരിക്കുന്ന ഈ സാഹചര്യത്തിൽ, പ്രൈമറി വിദ്യാഭ്യാസത്തിൽ ഭാഷാപരമായ നല്ല ശീലങ്ങൾ വളർത്തേണ്ട ഉത്തരവാദിത്വം ഓരോ ഭാഷാധ്യാപകനും ഉണ്ട്.
- ❖ ഭാഷയുടെ ശരിയായ രൂപം കുട്ടികളിൽ ഉറപ്പിക്കണം.
- ❖ തെറ്റുകൂടാതെ സംസാരിക്കുവാനും വായിക്കാനും എഴുതാനും ഉള്ള കഴിവ് കുട്ടികൾക്ക് ഉണ്ടാകണം.

- ❖ സാഹിത്യാസ്വാദനത്തിനുള്ള പ്രാരംഭ പരിശീലനവും കുട്ടികൾ നേടണം.
- ❖ വ്യാകരണസംബന്ധമായ അടിസ്ഥാന അറിവുകൾ നേടാൻ ശ്രമിക്കണം.

## ഭാഷാധ്യാപനരീതികൾ – പ്രാഥമികതലം

ഒന്നാം ക്ലാസ്സിലെ പാഠഭാഗങ്ങളിൽ അക്ഷരങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അക്ഷരപ്പാട്ടുകളിലൂടെ കുട്ടികൾക്ക് പരിചിതമായ വാക്കുകൾ/ വസ്തുക്കൾ/ ആശയങ്ങൾ എന്നിവ കണ്ടെത്തുന്നു. അവയിലൂടെ അക്ഷരങ്ങൾ - ഉച്ചാരണം തിരിച്ചറിയുന്നു. ലിപി മനസ്സിലാക്കുന്നു നൂതനപദങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു. ഭാഷാപ്രയോഗശേഷി വളർത്തുന്നു.

- ❖ വസ്തുബോധ പഠനം ഭാഷാഭ്യസനത്തിൽ പ്രാധാന്യം അർഹിക്കുന്നു.
- ❖ അനുകരണം/ ആവർത്തനം പഠനത്തെ സഹായിക്കുന്നു.
- ❖ ചിത്രവായന, ചിത്രരചന എന്നിവയിൽനിന്ന് ആശയങ്ങൾ ഗ്രഹിക്കാനും പ്രകടിപ്പിക്കാനും കഴിയും.
- ❖ കളിരീതികളിലൂടെ പഠനം:
  - കുട്ടികൾ കളി ഇഷ്ടപ്പെടുന്നു.
  - അനുകരണം, ശേഖരണം, മാത്സര്യം എന്നിവ കളികളിൽ അന്തർഭവിച്ചിരിക്കുന്നു.
  - സാമൂഹികമായ വളർച്ചയ്ക്കു കാരണമാകുന്നു.
  - ബുദ്ധി വികസിക്കുന്നു.
  - കായികവികാസത്തിന് കാരണമാകുന്നു.
- ❖ പ്രൈമറി ക്ലാസ്സിനു യോജിച്ച ചില കളികൾ:
  1. അനേകം വസ്തുക്കൾ/ ആശയങ്ങൾ അടങ്ങിയ ഒരു ചിത്രം കുട്ടികളെ കാണിക്കണം.
     - ഒരേ അക്ഷരം വരുന്ന വസ്തുക്കൾ കണ്ടെത്തുക.
     - ആശയങ്ങൾ- കഥാരൂപത്തിലാക്കുവാൻ ആവശ്യപ്പെടുക.
     - പദാർത്ഥങ്ങളുടെ പേര് കണ്ടെത്തുക.
  2. അക്ഷരങ്ങൾ കാർഡുരൂപത്തിലാക്കുക. കാർഡിലുള്ള അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളോട് ആവശ്യപ്പെടുക.



- ബോർഡിൽ വാക്കുകൾ/ വാക്യം എഴുതുക. എഴുതിയ വാക്യം ഉറക്കെ വായിക്കുക. അല്പ സമയം കഴിഞ്ഞ് ബോർഡിൽനിന്ന് വാക്കുകൾ നീക്കം ചെയ്യണം. ഇനി കുട്ടികളോട് അത് കണ്ടെത്താൻ പറയണം.
- വാക്യത്തിന്റെ ക്രമംതെറ്റി എഴുതുക. ക്രമത്തിലെഴുതുക.
- പദസൂര്യൻ/ അക്ഷരസൂര്യൻ... തുടങ്ങി നിരവധി മാതൃകകൾ കണ്ടെത്തുക.

കുട്ടികളെ പഠനത്തിൽ താൽപ്പര്യം ഉണർത്താൻ സഹായിക്കുക. സമഗ്രവും നിരന്തരവുമായ മൂല്യനിർണ്ണയത്തെ മുൻനിർത്തിയുള്ള പാഠ്യപദ്ധതിയിലൂടെ പഠിതാവിന്റെ പരിപൂർണ്ണമായ കഴിവ് വളർത്താൻ ഓരോ അധ്യാപികയ്ക്കും കഴിയട്ടെ.

## മലയാള അക്ഷരമാല

മലയാളഭാഷയിലെ അക്ഷരമാലയിൽ 15 സ്വരങ്ങളും 36 വ്യഞ്ജനങ്ങളും ചേർന്ന് 51 അക്ഷരങ്ങളാണ് ഉള്ളത്.

**സ്വരാക്ഷരങ്ങൾ**

അ ആ ഇ ഈ ഉ ഊ ഋ എ ഏ ഐ
ഒ ഓ ഔ അം അഃ

**ഹ്രസ്വമായ ഉച്ചാരണം:** അ ഇ ഉ ഋ എ ഒ

**ദീർഘമായ ഉച്ചാരണം:** ആ ഈ ഊ ഏ ഓ ഐ ഔ

**വ്യഞ്ജനങ്ങൾ** (Consonants)

| വർഗ്ഗം | ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം |
|---|---|---|---|---|---|
| 'ക' വർഗ്ഗം | ക | ഖ | ഗ | ഘ | ങ |
| 'ച' വർഗ്ഗം | ച | ഛ | ജ | ഝ | ഞ |
| 'ട' വർഗ്ഗം | ട | ഠ | ഡ | ഢ | ണ |
| 'ത' വർഗ്ഗം | ത | ഥ | ദ | ധ | ന |
| 'പ' വർഗ്ഗം | പ | ഫ | ബ | ഭ | മ |

യ ര ല വ ള ഴ റ ⇢ മാധ്യമങ്ങൾ
ശ ഷ സ ⇢ ഊഷ്മാക്കൾ
ഹ ⇢ ഘോഷി

## പാഠം 1 **അമ്മ**

**ചിത്രവായന:**

- ❖ ചിത്രത്തിൽ ആരൊക്കെയുണ്ട്?
- ❖ ചിത്രത്തിൽ കണ്ട കാഴ്ചകൾ പറയുക.
- ❖ അമ്മ, അച്ഛൻ, അനിയൻ, അനിയത്തി
- ❖ 'അ' എന്ന ശബ്ദം തിരിച്ചറിയാൻ സഹായിക്കുക.
- ❖ ഉച്ചാരണം മനസ്സിലാക്കുക.

**ഈണത്തിൽ പാടുക. ആശയം കണ്ടെത്തുക.**

ഉദാ: • താരാട്ടുപാടിയുറക്കുന്നതാര്?

അമ്മ

• അമ്മ എന്താണ് കുട്ടിക്ക് നൽകിയത്?

അമ്മിഞ്ഞ

❖ 'അമ്മ'യെപ്പറ്റി 4 വാക്യം കുട്ടികളോട് കണ്ടെത്തി പറയാൻ ആവശ്യപ്പെടുക.

## പാഠം 2 **തറ**

**'റ' എന്ന അക്ഷരം അധ്യാപിക കുട്ടികൾക്ക് പരിചയപ്പെടുത്തണം.**

മാതൃക: അധ്യാപിക ബോർഡിൽ ഒരു പൂവിന്റെ ചിത്രം വരയ്ക്കുക.



ഇതളുകൾ മാറ്റിയാൽ...







**ചിത്രത്തിൽനിന്നും 'റ'** എന്ന ലിപിയും ഉച്ചാരണം മനസ്സിലാക്കട്ടെ.

- ❖ അധ്യാപിക കവിത ഈണത്തിൽ പാടുന്നു.
- ❖ കുട്ടികൾ ഏറ്റു പാടണം.
- ❖ വരികളിൽനിന്ന് കണ്ടെത്താം.

നെല്ലളക്കുന്ന അളവുപാത്രം : പറ

പറന്നുപോകുന്നതാര്? : പറവ

നെല്ല് എവിടെയാണ് കൂട്ടിയിടുന്നത്? : തറ

| | | | |
|---|---|---|---|
| **പ** | **റ** | **വ** | **ത** |

ഉച്ചാരണവും ലിപിയും പരിചയപ്പെടുത്തുക.




## പാഠം 3 **വര**

**ചിത്രം നോക്കിപ്പറയാം:**

- ❖ കുട്ടികൾ കണ്ടെത്തിയ കാര്യങ്ങൾ അധ്യാപിക ആവർത്തിക്കുക.
- ❖ സൂര്യൻ, മരം, വര, സാരി, ....
- ❖ കുഞ്ഞുണ്ണിമാഷിനെ പരിചയപ്പെടുക.
- ❖ കവിത താളത്തിൽ പാടാം.
- ❖ മരത്തിന്റെ പ്രാധാന്യം കുട്ടികൾ കണ്ടെത്തട്ടെ.

| | | |
|---|---|---|
| ര | രം | മരം |
| ന | നം | മനം |

## പാഠം 4 വല

**അധ്യാപിക ബ്ലാക്ക്ബോർഡിൽ ഒരു മലയുടെ ചിത്രം വരയ്ക്കുന്നു.**

**മല**



❖ ഈണത്തിൽ പാടുന്നു.

'ല' വരുന്ന പദങ്ങൾ കണ്ടെത്താൻ കുട്ടികളെ സഹായിക്കുക.

ല: തല, മല, പല, വല

❖ ചിത്രത്തിൽനിന്ന് ചോദ്യങ്ങളും ഉത്തരങ്ങളും കണ്ടെത്തട്ടെ.

❖ വിവിധതരം വലകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക. ഉദാ: ചീനവല

## പാഠം 5 ആന

**'കടങ്കഥ' പരിചയപ്പെടുത്താം.**

'ആനകേറാമല ആട് കേറാമല
ആയിരം കാന്താരി പൂത്തിറങ്ങി' ഉത്തരം: താരം, നക്ഷത്രം

ആന, ആട്, ആയിരം, കാന്താരി, താര



'**ആ**' എന്ന അക്ഷരം പരിചയപ്പെടുത്തുക.

പകരം ഉപയോഗിക്കുന്ന ചിഹ്നം (ആ = ാ)

കാട്, നാട് } വ്യത്യാസങ്ങൾ കണ്ടെത്തുക { കാട്ടിൽ എന്തെല്ലാം ജീവികൾ ഉണ്ട്? / നാട്ടിൽ എന്തൊക്കെ കാണാം?

കാ, നാ എന്നീ അക്ഷരങ്ങൾ ബോർഡിൽ എഴുതുക.

ക് + ആ = കാ
ന് + ആ = നാ
→ (ആ = ാ)

## പാഠം 6, 7 ഇല, ഈണം

**അഭിനയിക്കാം... പാടാം.**

❖ അധ്യാപിക താളത്തിൽ അഭിനയത്തോടെ കവിത ഉറക്കെ പാടുന്നു.

❖ 'ഇല' - പരിചയപ്പെടുത്താം. ബോർഡിൽ വരയ്ക്കുക.

❖ ഈച്ച, ഈണം, ഈർക്കിൽ
- ഈ ഉച്ചാരണം മനസ്സിലാക്കട്ടെ.

❖ രണ്ടു കാർഡുകളിൽ ഒരു വശത്ത് 'ഇ'യും മറുവശത്ത് 'ി' ചിഹ്നവും എഴുതുക. അതേപോലെ 'ഈ', 'ീ'

❖ ചിഹ്നങ്ങൾ രേഖപ്പെടുത്തിയ കാർഡുകൾ കുട്ടികൾ പരിചയപ്പെടട്ടെ. ചിഹ്നങ്ങൾ ഉറക്കെ പറയട്ടെ.

❖ കൂടുതൽ ഉദാഹരണങ്ങൾ അധ്യാപിക ബോർഡിലെഴുതുക. കുട്ടികൾ ഉറക്കെ പറയട്ടെ. ഓരോരുത്തരായി പറയാൻ സഹായിക്കുക.

മാതൃക:

| | |
|---|---|
| വരി<br>അരി<br>പണി (ി)<br>പനി<br>മതി | തീരം<br>കീരി<br>വീണ (ീ)<br>ചീര<br>മീന |

## പാഠം 8, 9 **ഉണ്ണി, ഊണ്**

**ചിത്രത്തിൽനിന്നും കണ്ടെത്തിയ കാര്യങ്ങൾ എന്താണ്?**

❖ 'ഉണ്ണി'യെപ്പറ്റിയുള്ള പാട്ടിന് ഈണം കണ്ടെത്തുക.

❖ ചോദ്യങ്ങൾ കണ്ടെത്താം; ഉത്തരവും.

മാതൃക: ◆ ഉലകം മുഴുവന് ചുറ്റുന്നതാര്?

◆ ഉണ്ണി ഉണരുന്നതെപ്പോൾ?

ഉ → ഉറി, ഉമ്മ, ഉരൽ, ഉണ്ണി
ഉ = ു

ഊ → ഊതി, ഊണ്, ഊമ, ഊഞ്ഞാൽ
ഊ = ൂ

| | | |
|---|---|---|
| ഉമ | പൂ<br>രൂപ<br>തീ<br>കുട<br>പൂരം | കണ്ടു<br>ചൂടി<br>വാങ്ങി<br>ഊതി |

◆ പട്ടികയിലെ പദങ്ങൾ കണ്ടെത്തുക.

◆ ഉറക്കെ പറയുക.

◆ വാക്യം നിർമ്മിക്കുക, വായിക്കുക.

◆ എഴുതുക.



## പാഠം 10 **നാവ്**

**ചിത്രം ചാർട്ടിലിടുക.**


മാവ

10
പത്ത

6
ആറ

എന്നിങ്ങനെ എഴുതുക:

വാക്കുകൾ കൃത്യമായി വായിക്കുക.

ഉചിതമായ ചിഹ്നം ചേർക്കാൻ കുട്ടികളെ സഹായിക്കുക.

**മാവ് പത്ത് ആറ്**

**ഉചിതമായവ യോജിപ്പിക്കുക.**

| | |
|---|---|
| ആന | ചെറുത് |
| ആമ | പലത് |
| പൂക്കൾ | പത്ത് |
| വിരലുകൾ | വലുത് |

## പാഠം 11 **ഋഷി**

**പാഠഭാഗത്തെ ചിത്രം കാണിക്കുക.**

❖ മുനി, സന്യാസി എന്ന പേരുകൾ കുട്ടികൾ കണ്ടെത്തിപറയും.

❖ 'ഋഷി' എന്ന പദം പരിചയപ്പെടുത്തുക.

ഋ — ഷി → ഋഷി = മുനി
ഋ — ഷഭം → ഋഷഭം = കാള

ഋ = ൃ → ക് + ഋ = കൃ → ആകൃതി / വികൃതി / തകൃതി

## പാഠം 12, 13 **എലി, ഏഴ്**

- ❖ എലിയെ പിടിക്കാൻ കെണിയുമായി കാത്തിരുന്ന എസ്തപ്പാനെ അഭിനയിച്ചു കാണിക്കുക.
- ❖ താളത്തിൽ പാടുക.
- ❖ എലിയുടെ എണ്ണം എത്ര? എട്ട്

ച് + എ = ചെ → ചെവി / ചെടി / ചെളി

- ❖ കേരം തിങ്ങും നാടേത്? കേരളം
- ❖ കേരം എന്നാൽ തെങ്ങ്.

| | | | |
|---|---|---|---|
| എ | ഏ | എലി | ഏണി |
| കെ | കേ | കെണി | കേരം |
| ചെ | ചേ | ചെടി | ചേന |

## പാഠം 14 **ഐരാവതം**

- ❖ അഞ്ചു കുട്ടികളെ നിരത്തിനിർത്തുക.
- ❖ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്... എന്നിങ്ങനെ ഉറക്കെ എണ്ണുക.



- ❖ കുട്ടികൾ ആവർത്തിക്കട്ടെ.
- ❖ അഞ്ചുപേർ → **ഐവർ** { ബോർഡിൽ എഴുതുക. / ഉറക്കെ പറയുക. / കുട്ടികൾ ഏറ്റുപറയുക.

ഐ = ൈ → ക് + ഐ = കൈ / ത് + ഐ = തൈ

- ❖ ദേവേന്ദ്രന്റെ ആനയുടെ പേരെന്ത്?
- ❖ ആനയുടെ പ്രത്യേകതകൾ എന്തെല്ലാം?
- ❖ ആനയുടെ ചിത്രം വരയ്ക്കുക. നിറം നൽകുക.

## പാഠം 15 **ഒരുമ**

- ❖ കവിത താളത്തിൽ പാടുക.
- ❖ ആശയം കുട്ടികൾക്കു മുൻപിൽ അവതരിപ്പിക്കുക.
- ❖ കുട്ടികൾ ഒരുമിച്ച് പാടട്ടെ.

'ഒന്നാണ് നമ്മൾ ഒന്നാണ് നമ്മൾ'

**ഒ**ന്ന്, **ഒ**രുമ, **ഒ**റ്റ, **ഒ**ന്നാണ് എന്നീ പദങ്ങളിൽ **'ഒ'** കണ്ടെത്തി വട്ടമിടുക.

- ❖ കഥ പറയാം: കുട്ടിക്കവിത കഥയാക്കുക.
- ❖ ഒരിടത്ത് കൊതിയനായ ഒരു കൊക്കമ്മാവൻ ഉണ്ടായിരുന്നു. ..........
- ❖ 'കൊടി' വരയ്ക്കുക. നിറം നൽകുക.

ക് + ഒ = കൊ → കൊടി  **ഒ = ൊ**

- ❖ പുതിയ പദങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

## പാഠം 16 **ഓണം വന്നു**

**ഓണപ്പൂക്കളം**




- ❖ കവിത പാടാം.
- ❖ വാക്കുകൾ കണ്ടെത്തിപ്പറയാം.
  - ◆ ഓണം വന്നു
  - ◆ ഓമനചിങ്ങമാസം
  - ◆ ഓണപ്പൂക്കളം
  - ◆ ഓണസദ്യ
  - ◆ ഓണക്കോടി
  - ◆ ഓണക്കളികൾ
  - ◆ ഓണത്തപ്പൻ

വാക്കുകളിൽനിന്ന് → **ഓ** → ഉച്ചാരണം/അക്ഷരം തിരിച്ചറിയട്ടെ

**കോ** → **കോഴി**, **കോടാലി**, **കോമരം**, **കോടി**, **കോലം**

ക് + ഓ = കോ

## പാഠം 17 **ഔഷധം**

- ❖ രോഗം വന്നാൽ എന്തുചെയ്യണം?
- ❖ രോഗം മാറാൻ എന്തുചെയ്യണം?

ഉത്തരം കണ്ടെത്താൻ കുട്ടികളെ സഹായിക്കണം.



- ❖ ചിത്രത്തിൽ നോക്കിപ്പറയുക.
- ❖ ചിത്രത്തിൽ എന്തെല്ലാം കാണുന്നു?
- ❖ ................ കഴിച്ചാൽ രോഗം മാറും.

ഔഷധം

**ഔ = ൗ**

- ❖ മാതൃകപോലെ എഴുതാം; പഠിക്കാം.

| | | |
|---|---|---|
| ഒ | ഓ | ഔ |
| കൊ | കോ | കൗ |

## പാഠം 18 **അംബുജം**

**ചിത്രം വരയ്ക്കാം; നിറം നൽകാം.**

- ❖ കുട്ടികൾ പൂവിന്റെ പേര് കണ്ടെത്തിപറയട്ടെ.



**താമര**

- ❖ പകരം പദം പരിചയപ്പെടുത്തുക : **അംബുജം**

**അം**

## പാഠം 19, 20 **ഹാരം, കമലം**

**ഉറക്കെ പാടാം.**

ഹാ ഹാ... ഹാരം

ഹ ഹ... വാഹനം

ഹാ ഹാ... പലഹാരം

- ❖ 'ഹ' വരുന്ന പദങ്ങൾ കണ്ടെത്താം.

മാതൃക: ക് + അ = ക → കമലം

ക് + ആ = കാ → കാള

ക് + ഇ = കി → കിളി

## പാഠം 21, 22 **കർഷകർ, മയിൽ**

**ചിത്രങ്ങളിലൂടെയും, വാക്കുകളിലൂടെയും കവിതകളിലൂടെയും ചില്ലക്ഷരങ്ങൾ അവതരിപ്പിക്കുക.**

❖ ർ ൽ ൻ ൾ ൺ

❖ ഇവ വരുന്ന 4 പദങ്ങൾ വീതം കുട്ടികൾ കണ്ടെത്തി എഴുതാൻ പറയുക.

❖ വിട്ടുപോയ ഭാഗം കണ്ടെത്തുക.

ഉദാ: മയി..... (ൽ, ർ)

തൂ..... (ൻ, ൺ)

❖ ചില്ലക്ഷരം കണ്ടെത്തി വരയിടുക.

ഉദാ:
- കതി<u>ർ</u> പൊങ്ങും നേരത്ത്
- കട<u>ൽ</u> നിറയെ മീ<u>ൻ</u>
- അവ<u>ൾ</u> മക<u>ൾ</u>

## പാഠം 23, 24 **കഥകളി, രഥം**

**പട്ടികയിൽ തന്നിരിക്കുന്ന അക്ഷരങ്ങൾ ഉറക്കെ പറയുക.**

❖ അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ നിർമ്മിക്കാം.



*മാതൃക:*

| | | | | |
|---|---|---|---|---|
| ക | ന | ര | ത | ല |
| ഥ | മു | ഖം | ഗ | ജം |
| ക | ട | ചാ | യ | മ |
| ളി | വ | ജ | ന | ൽ |

- വെളുത്ത മുടി → നര
- ഒരു കലയുടെ പേര് → കഥകളി
- .............................. → .............
- .............................. → .............
- .............................. → .............

❖ വ്യഞ്ജനപട്ടിക നിർമ്മിക്കാൻ നിർദ്ദേശിക്കാം. പാഠഭാഗത്തുള്ള വാക്കുകൾ പരിചയപ്പെടുത്തണം. അക്ഷരങ്ങൾ വരുന്ന പദങ്ങൾ കുട്ടികൾ കണ്ടെത്തുവാൻ സഹായിക്കുക.

*ഉദാ:*

| ക | ഖ | ഗ | ഘ | ങ |
|---|---|---|---|---|
| കഥ | നഖം | ഗദ | ഘനം | ങൻ |

❖ തൊട്ടുകാണിക്കാം; തരംതിരിക്കാം.

- ഫ, ബ, ഭ, ഥ, ദ, ധ തുടങ്ങിയവ ഉൾപ്പെടുന്ന പദങ്ങൾ ചാർട്ടിലെഴുതുക. ഓരോ പദവും വായിക്കുമ്പോൾ കുട്ടികൾ തൊട്ടുകാണിക്കട്ടെ.
- വ്യഞ്ജനാക്ഷരങ്ങൾ വരുന്ന പദങ്ങൾ ഉൾപ്പെടുന്ന ചാർട്ട് പ്രദർശിപ്പിക്കുക. അധ്യാപക സഹായമില്ലാതെ ദ, ധ, ബ, ഭ തുടങ്ങിയവ ഉൾപ്പെടുന്ന വാക്കുകൾ വേർതിരിച്ചെഴുതട്ടെ.

| | | | | | |
|---|---|---|---|---|---|
| രഥം | ദയ | ധര | ധനുസ്സ് | കഥ | ബലൂൺ |
| ഭരണി | നാദം | ബലം | ധനം | ഭാരതം | |

| ദ | ഥ | ഭ | ബ | ധ |
|---|---|---|---|---|
| ദയ | രഥം | ഭരണി | ബലം | ധനം |
| നാദം | കഥ | ഭാരതം | ബലൂൺ | ധര |

❖ പകരം പദം കണ്ടെത്താം.

| | |
|---|---|
| പക്ഷി | പഴം |
| ധര | ആന |
| ഗജം | കിളി |
| ഝഷം | മീൻ |
| ഫലം | ഭൂമി |

❖ നൂതനപദങ്ങൾ കണ്ടെത്താം.
കുട്ടികളെ ഗ്രൂപ്പായി തിരിക്കാം. ഓരോ ഗ്രൂപ്പും പരമാവധി നൂതന പദങ്ങൾ കണ്ടെത്തി എഴുതട്ടെ.

## പാഠം 25, 26 **കേശവനും ദോശയും കാളയും തവളയും**

**അധ്യാപിക പാട്ട് താളത്തിൽ ഉറക്കെ പാടി കേൾപ്പിക്കുന്നു.**

❖ കവിത ചാർട്ടിലെഴുതുന്നു. തുടർന്ന് കുട്ടികൾ കവിത/ പാട്ട് പകർത്തിയെഴുതട്ടെ.

❖ ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തി വട്ടത്തിനകത്താക്കുക.

മീശക്കാരൻ കേശവന്
ദോശ തിന്നാൻ ആശ
ദോശ വാങ്ങാൻ കാശിനായി
തപ്പി നോക്കി കീശ



❖ 'ശ' വരുന്ന പദങ്ങൾ കുട്ടികൾ കണ്ടെത്തിപറയട്ടെ.




❖ പൂരിപ്പിക്കുക.

(സരോജം, മഷി, സാരി, ഹാരം)

- എഴുതാൻ ............. വേണം.
- അമ്മ ഒരു ............. വാങ്ങി.
- ............. എന്നാൽ പൂമാല.
- നമ്മുടെ ദേശീയ പുഷ്പമായ താമരയെ ............. എന്ന് വിളിക്കാം.

❖ കഥ പറയാം.

*കഥയിലെ കഥാപാത്രങ്ങൾ കാള, കിളി, തവള.*

പണ്ടൊരിക്കൽ കാളയും തവളയും ഒരു യാത്ര പോയി. വയലിനു സമീപം ഒരു കിളിയെ കണ്ടുമുട്ടി. മൂന്നുപേരും കൂട്ടുകാരായി. ..................................................................

ബാക്കി കഥ കുട്ടികളുടെ ഭാവനയനുസരിച്ച് പറയട്ടെ.

## പാഠം 27 **മഴ**

**കവിത പാടാം, ഉത്തരം പറയാം.**

❖ അധ്യാപിക കവിത ഈണത്തിൽ ചൊല്ലുക. കുട്ടികൾ ഏറ്റുചൊല്ലണം. തുടർന്നു അധ്യാപിക ചോദ്യങ്ങൾ ചോദിക്കുന്നു.

- മാനമിരുണ്ടു വന്നാൽ എന്തു സംഭവിക്കും?
  ◂ മഴ പെയ്യും.
- മഴ വന്നാൽ വഴി എന്താകും?
  ◂ വഴി വലിയൊരു പുഴയാകും.
- പുഴ കടക്കാൻ തോണി വേണം.
  തോണി തുഴയാൻ ........... വേണം.
  ◂ തുഴ

❖ ഉത്തരങ്ങൾ ബോർഡിൽ എഴുതുക.
'ഴ' വരുന്ന പദങ്ങൾ കൂടുതൽ കണ്ടെത്തട്ടെ.

(മഴ) (പുഴ) (തുഴ)

## പാഠം 28 കാക്കയും കുഞ്ഞും

**പാടി അഭിനയിക്കാം.**

❖ കവിത താളത്തിൽ പാടി അഭിനയിക്കുക.

❖ കഥ പറയാം.

❖ കാക്കയുടെ ചിത്രം ബോർഡിൽ വരയ്ക്കുക. അല്ലെങ്കിൽ വരച്ച ചിത്രം (ചാർട്ട്) കാണിക്കുക.

(ക) + (ക) → (ക്ക)

❖ അക്ഷരവൃക്ഷത്തിൽനിന്ന് പദങ്ങൾ നിർമ്മിക്കാം.




- കാക്ക
- കക്ക
- തേക്ക്
- മൂക്ക്
- ത്വക്ക്
- പാക്ക്
- ചക്ക
- മക്ക
- നാക്ക്
- കൊക്ക്
- വക്ക്



## പാഠം 29 ഈച്ചയും പൂച്ചയും

**നെഹ്റുവിന്റെ ചിത്രം കാണിക്കുക; പരിചയപ്പെടുത്തുക.**

❖ ചാച്ചാജി എന്ന പേർ കുട്ടികൾ ആവർത്തിക്കണം.

(ച) (ച്ച) എന്നിവയുടെ ഉച്ചാരണഭേദം തിരിച്ചറിയട്ടെ.

(ച്ച) വരുന്ന പദങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

ഉദാ:




- ഈച്ച
- പൂച്ച
- കൊച്ചി
- വാച്ച്
- പിച്ചകം
- പാച്ചിൽ
- ഒച്ച്
- ഒച്ച

## പാഠം 30, 31 കുട്ടനും പട്ടവും, പപ്പടം

**പട്ടം നിർമ്മിക്കാം.**

❖ പട്ടം നിർമ്മിക്കാം.

❖ വർണ്ണകടലാസുകൊണ്ട് പട്ടം ഉണ്ടാക്കി കാണിക്കാം.

❖ പട്ടം പറത്തുവാൻ ഒരു കുട്ടിയെ വിളിക്കാം.

❖ കവിത കുട്ടികൾ താളത്തിൽ പാടട്ടെ.

**ചോദ്യം ചോദിക്കാം; ഉത്തരം കണ്ടെത്താം.**

❖ പട്ടം പറത്തീടാൻ വന്നതാര്? കുട്ടൻ

❖ അരിമണി കൊത്തിത്തിന്നാൻ പാടത്ത് എത്തിയതാര്? തത്തമ്മ

| ട്ട | ത്ത | പ്പ |
|---|---|---|
| പട്ടം | തത്ത | പപ്പടം |
| കുട്ടൻ | പത്ത് | കപ്പ |
| ട തട്ടി ട | ത കത്ത് ത | പ കപ്പൽ പ |
| പൊട്ടി | നൃത്തം | കുപ്പായം |
| ആട്ടം | വൃത്തം | വേപ്പ് |
| ട്ട | ത്ത | പ്പ |

❖ ചിത്രം വരയ്ക്കാം; നിറം നൽകാം.

- തത്തയെ വരയ്ക്കുക. നിറം നൽകുക. തത്തയുടെ പ്രത്യേകതകൾ കുട്ടികൾ കണ്ടെത്തി പറയട്ടെ; എഴുതട്ടെ.
- ഇഷ്ടപ്പെട്ട പക്ഷിയുടെ പേരെഴുതാൻ നിർദ്ദേശിക്കാം. ചിത്രം ശേഖരിക്കാൻ പറയാം.

## പാഠം 32 **തെങ്ങ്**

**അധ്യാപിക ബോർഡിൽ ഒരു തെങ്ങിന്റെ ചിത്രം വരയ്ക്കുന്നു.**

❖ തെങ്ങിനെക്കുറിച്ച് കുട്ടികൾക്ക് അറിയാവുന്ന വിവരങ്ങൾ പറയട്ടെ.

❖ തെങ്ങിന്റെ പ്രയോജനങ്ങൾ ഓരോരുത്തരായി പറയുമ്പോൾ 'തേങ്ങ'യെപ്പറ്റി അധ്യാപിക കുട്ടികളോട് ചോദിക്കണം.






| | | |
|---|---|---|
| ഞാൻ | ഊഞ്ഞാൽ | വാങ്ങി |
| | മഞ്ഞുമല | കണ്ടു |
| | കഞ്ഞി | കുടിച്ചു |
| | മഞ്ഞൾ | ആടി |

❖ ഈ മാതൃകയിലുള്ള പട്ടിക/ ചാർട്ട് കുട്ടികൾക്കു മുൻപിൽ പരിചയപ്പെടുത്തുക.

- പദങ്ങൾ കുട്ടികൾ ഉറക്കെ പറയട്ടെ.
- പദങ്ങൾ തമ്മിൽ ചേർത്ത് വാക്യമുണ്ടാക്കാൻ കുട്ടികളെ സഹായിക്കാം.
  - ഞാൻ ഊഞ്ഞാൽ ആടി.
  - ഞാൻ കഞ്ഞി കുടിച്ചു.
  - ഞാൻ മഞ്ഞൾ വാങ്ങി.
  - ഞാൻ മഞ്ഞുമല കണ്ടു.

ഞ → ഞാൻ

ഞ്ഞ → ഊഞ്ഞാൽ, കഞ്ഞി, മഞ്ഞൾ, മഞ്ഞുമല

## പാഠം 33 **അമ്മയുടെ ഉണ്ണി**

**നമുക്കു പാടാം. താളത്തിൽ ഉറക്കെ പാടാം.**

❖ ഉണ്ണിയെ കാണാനെത്തിയതാര്? അമ്മ

❖ മിന്നും കുപ്പായമിട്ടുകൊണ്ട് ഉണ്ണി എന്തുചെയ്തു?

❖ ഉണ്ണി, അമ്മ, കണ്ണാടി, മിന്നുന്ന
ഈ പദങ്ങളിൽ വരുന്ന കൂട്ടക്ഷരങ്ങൾ കണ്ടെത്തി അടിവരയിടാൻ കുട്ടികളോട് പറയുക.

| ണ്+ണ=ണ്ണ | ന്+ന=ന്ന | മ്+മ=മ്മ |
|---|---|---|
| ഉണ്ണി | വന്നു | അമ്മ |
| കണ്ണ് | ചെന്നു | ഉമ്മ |
| മണ്ണ് | നിന്നു | കമ്മൽ |
| വിണ്ണ് | ചെന്നായ | ചെമ്മീൻ |
| കണ്ണാടി | മരുന്ന് | സമ്മാനം |
| അണ്ണാൻ | കുന്നിക്കുരു | കുമ്മായം |

## പാഠം 34, 35 **തിങ്കൾ, ചെണ്ട**

**പാഠപുസ്തകത്തിലെ വാക്യങ്ങൾ (പേജ് 48) അധ്യാപിക ബോർഡിൽ എഴുതട്ടെ.**

❖ ഒരേപോലെയുള്ള അക്ഷരങ്ങൾ കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടാം. ഒരേപോലെയുള്ള അക്ഷരങ്ങൾ അടിവരയിടട്ടെ.

ഉദാ: തിങ്കൾ   മങ്ക   കുങ്കുമം   പങ്കായം

❖ വ്യഞ്ജനാക്ഷരങ്ങൾ - പട്ടിക പ്രദർശിപ്പിക്കുക.

| | | | |
|---|---|---|---|
| ക | ഖ ഗ ഘ | ങ | ങ് + ക = ങ്ക |
| ച | ഛ ജ ഝ | ഞ | ഞ് + ച = ഞ്ച |
| ട | ഠ ഡ ഢ | ണ | ണ് + ട = ണ്ട |
| ത | ഥ ദ ധ | ന | ന് + ത = ന്ത |
| പ | ഫ ബ ഭ | മ | മ് + പ = മ്പ |

❖ ഈ പട്ടിക മുഴുവനായോ ഓരോ വിഭാഗമായോ കുട്ടികൾക്കു മുൻപിൽ പരിചയപ്പെടുത്താം.



## പാഠം 36 **പന്ത്**

**വാക്യം നിർമ്മിക്കാം.**

| | |
|---|---|
| ചന്തു | തോന്നി |
| ചന്ത | |
| ചന്തം | വാങ്ങി |
| അന്തി | |
| പന്ത് | ഒരു |
| നീന്താൻ | |
| ചിന്ത | പോയി |

❖ ചന്തു പന്ത് വാങ്ങി.

❖ ചന്തമുള്ള പന്ത്.

❖ ചന്തുവിന് നീന്താൻ തോന്നി.

❖ ചന്തുവിന് ഒരു ചിന്ത തോന്നി.

❖ ചന്തു ചന്തയിൽ പോയി

❖ ഈ മാതൃകയിൽ പരമാവധി വാക്യം നിർമ്മിക്കണം. ഉറക്കെ പറയണം.

❖ അക്ഷരപ്പെട്ടിയിൽനിന്ന് കണ്ടെത്താം.

| | | |
|---|---|---|
| | ച | |
| കു | ന്തം | പ |
| | സ്വ | |

| | | |
|---|---|---|
| | സു | |
| ച | ന്ദ | നം |
| | രം | |

## പാഠം 37 **ഗാന്ധിജി**

**അധ്യാപിക കുട്ടികൾക്കു മുൻപിൽ ഗാന്ധിജിയുടെ ചിത്രം കാണിക്കുന്നു.**

❖ ഗാന്ധിജിയെപ്പറ്റി കുട്ടികൾക്ക് അറിയാവുന്ന കാര്യങ്ങൾ പറയട്ടെ.

❖ അധ്യാപിക ബോർഡിൽ ഒരു പട്ടിക വരയ്ക്കുക.

| | |
|---|---|
| ഗാന്ധിജി | ഒരു നദി |
| സിന്ധു | ഒരു പർവ്വതം |
| വിന്ധ്യൻ | വന്ദനം |
| സന്ധ്യയിൽ | നമ്മുടെ രാഷ്ട്രപിതാവ് |

- ❖ വാക്കുകൾ തമ്മിൽ യോജിപ്പിക്കുക.
- ❖ ആവർത്തിച്ച് പറയുക.
- ❖ ഉച്ചാരണം മനസ്സിലാക്കുക.
- ❖ നൂതനപദങ്ങൾ കണ്ടെത്തുക.

ദ് + ധ = ദ്ധ → ബുദ്ധൻ

→ ബുദ്ധി

→ ശുദ്ധം

## പാഠം 38, 39 **അക്ഷരം, നെയ്യപ്പം**

### വിട്ടുപോയ ഭാഗം കുട്ടികൾ പൂരിപ്പിക്കട്ടെ.

- ❖ .......................... പഠിക്കണം.
- ❖ .......................... കാണണം.
- ❖ .......................... കളയണം.
- ❖ .......................... കഴിക്കണം.

ഭക്ഷണം
അക്ഷരം
ഉത്സവം
മത്സരം



കിളി, പറവ - പക്ഷി

പക്ഷമുള്ളത് - പക്ഷി



### അക്ഷരസൂര്യൻ

| | | |
|---|---|---|
| ണം | ര | ണം |
| അ | ക്ഷ | രം |
| ഭ | ശി | ല |

...............

............... ക്ഷ ...............

...............

### പക്ഷിയെ വരയ്ക്കാൻ പഠിക്കാം.

- ❖ പാഠഭാഗത്തെ പദങ്ങൾ പരിചയപ്പെടുത്തുന്നു. തുടർന്ന് അക്ഷരങ്ങൾ എഴുതിയ കാർഡ് കാണിക്കാം.

| യ | യ്യ |  | ല | ല്ല |  | വ | വ്വ |  | ള | ള്ള |

- ❖ ഉചിതമായ അക്ഷരം ചേർക്കാം.
  - ◆ നെ......പ്പം
  - ◆ പ......ക്ക്
  - ◆ ചൊ......
  - ◆ വ......ം
- ❖ തരംതിരിക്കാം.




- ❖ ചിത്രം നോക്കി പറയാം.

  പദങ്ങൾ, അക്ഷരങ്ങൾ, ഉച്ചാരണങ്ങൾ കണ്ടെത്തുക; ആവർത്തിച്ചു പറയുക.

# പാഠം 40 **യാത്ര**

**ഉറക്കെ പാടാം; താളത്തിൽ പാടാം.**

- രാത്രിയിൽ യാത്ര പോയാലോ?
- നക്ഷത്രങ്ങളെ കാണാലോ?
- പ്രാർത്ഥനയോടെ പോയാലോ?
- സത്രത്തിലെത്താൻ വൈകൂലോ?

❖ അടിവരയിട്ട പദങ്ങൾ ആവർത്തിച്ചു പറയുക. എടുത്തെഴുതുക.

| | | |
|---|---|---|
| രാത്രി | ത്+റ=ത്ര | പത്രം |
| യാത്ര | | കത്രിക |
| സത്രം | | ഛത്രം |
| പ്രാർത്ഥന | പ്+റ=പ്ര | |

# പാഠം 41 **സ്വർണ്ണമുട്ടകൾ**

**അത്യാഗ്രഹികളായ കർഷകദമ്പതിമാർ താറാവിന്റെ വയറുകീറിയ കഥ അധ്യാപിക കുട്ടികൾക്കുമുൻപിൽ അവതരിപ്പിക്കണം.**

❖ താറാവിന്റെ ശബ്ദം → **ക്വാ... ക്വാ... ക്വാ...**

❖ താറാവ് നൽകിയ മുട്ടയുടെ പ്രത്യേകത → **സ്വർണ്ണമുട്ട**

ക് + വ → ക്വ

സ് + വ → സ്വ



# പാഠം 42 **വ്യായാമം**

**നമ്മുടെ നാട്ടിൽ നിലവിലുള്ള വിവാഹങ്ങളും, വിവാഹങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങളും കുട്ടികളെ പരിചയപ്പെടുത്തുക.**

❖ വിവാഹത്തിനുപകരം പറയുന്ന പദം → **കല്യാണം**

ല് + യ = ല്യ → കല്യാണം

കുട്ടികൾ ആവർത്തിച്ചു പറയട്ടെ.

❖ വ്യായാമം ചെയ്യേണ്ടതിന്റെ ആവശ്യകത കുട്ടികൾ കണ്ടെത്തട്ടെ.

| | |
|---|---|
| വ്യായാമം | എഴുതണം |
| വാക്യം | പറയണം |
| ന്യായം | ചെയ്യണം |

വ് + യ = വ്യ    ന് + യ = ന്യ

❖ പട്ടിക പൂർത്തിയാക്കുക.

| ത്+റ ത്ര | ത്+വ ത്വ | ത്+യ ത്യ |
|---|---|---|
| ്ര | ്വ | ്യ |
| പത്രം | ത്വക്ക് | സത്യം |
| ഛത്രം | സ്വത്ത് | ന്യായം |
| ............ | ............ | ............ |
| ............ | ............ | ............ |
| ............ | ............ | ............ |

### കളിക്കാം പഠിക്കാം

- ❖ പാഠഭാഗത്തെ '്ര', '്യ', '്വ' ചിഹ്നങ്ങൾ ഒഴിവാക്കി ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. ചിഹ്നങ്ങൾ കാർഡിലെഴുതി വയ്ക്കണം.
- ❖ ഓരോ കുട്ടിയും പദങ്ങൾക്കനുയോജ്യമായ കാർഡെടുത്ത് നിശ്ചിതസ്ഥാനത്ത് വയ്ക്കണം.
- ❖ കുട്ടികൾ ശരിയായ പദം ഉറക്കെ ആവർത്തിച്ചു പറയട്ടെ.

## പാഠം 43 **എന്റെ രാജ്യം**

### പറയാം; പഠിക്കാം.

- ❖ ക്ലാസ്സിലെ രണ്ടുകുട്ടികളെ വിളിക്കുക.



| | |
|---|---|
| എന്റെ വീട് | നിന്റെ വീട് |
| എന്റെ പുസ്തകം | നിന്റെ പുസ്തകം |
| എന്റെ അമ്മ | നിന്റെ അമ്മ |
| എന്റെ സ്വപ്നം | നിന്റെ സ്വപ്നം |



എന്നിങ്ങനെ പരമാവധി പറയട്ടെ.

എന്റെ    നിന്റെ

ന്റ + എ = ന്റെ

- ❖ കണ്ടെത്തിപ്പറയാം.
- ❖ ചോദ്യം നിർമ്മിക്കാം.
- ❖ ഉത്തരം കണ്ടെത്താം.



## പാഠം 44 **കേരളം**

### ഉത്തരം പറയാം.

- ❖ നമ്മുടെ നാട് ഏത്?
- ❖ കേരളത്തിലുള്ളവർ ഏതു പേരിൽ അറിയപ്പെടുന്നു?
- ❖ നമ്മുടെ മാതൃഭാഷ ഏതാണ്?

### ക്രമത്തിലാക്കാം

- ല, മ, ളം, യാ ............................
- തൃ, മാ, ഷ, ഭാ ............................
- തം, ഭാ, ര ............................
- ര, കേ, ളം ............................

### കണ്ടെത്തിപ്പറയാം

കേരളം

| | | |
|---|---|---|
| കണിക്കൊന്ന | → | ദേശീയപുഷ്പം |
| ആന | → | ദേശീയമൃഗം |
| വേഴാമ്പൽ | → | ദേശീയപക്ഷി |
| കഥകളി | → | കലാരൂപം |

## മാതൃകാപഠനപ്രവർത്തനങ്ങൾ

❖ **ചിഹ്നം ചേർത്തെഴുതുക.**

- ചരവ ......................
- പടവ ......................

- ചര ......................
- കഷ ......................

❖ **ബ്രാക്കറ്റിൽനിന്നും ശരിയായ അക്ഷരം ചേർക്കുക.**

- പ ..... വ (റ, ര)
- കേര ..... (ളം, ലം)
- മ ..... മല (ഞു, ഞ്ഞു)

❖ **ശരിയായ വാക്യം കണ്ടെത്തുക.**

- താരാട്ടുപാടിയുറക്കുന്നത് ..............
- മീൻ പിടിക്കാൻ .............. വേണം.
- ഊഴി എന്നാൽ ..............

| |
|---|
| വല |
| ഭൂമി |
| അമ്മ |

❖ **പട്ടികയിൽനിന്ന് വാക്യങ്ങളുണ്ടാക്കാം.**

| | |
|---|---|
| മാല<br>പണം<br>പലഹാരം<br>പുസ്തകം | തരാം |

- ..................................
- ..................................
- ..................................
- ..................................

❖ **ഉചിതമായ അക്ഷരം ചേർക്കുക.**

- ചി ..... (ന്ദ, ന്ത)
- ..... ലൂൺ (ഭ, ബ)
- ..... ടികാരം (ഖ, ഘ)

❖ **പദങ്ങൾ ക്രമത്തിലാക്കുക.**

- പറത്തി/കുട്ടൻ/പട്ടം ....................................



- ദിവസം/തിങ്കൾ/ഒരു ....................................

❖ **പട്ടികയിൽനിന്ന് പദങ്ങൾ നിർമ്മിക്കുക.**

| | | | |
|---|---|---|---|
| പാ | രം | ക | പ |
| ല്ല് | റ്റ | ലം | താ |

- ..................
- ..................
- ..................
- ..................
- ..................
- ..................

❖ **ഉചിതമായവ ചേർക്കുക.**

| | |
|---|---|
| കുപ്പായം | ആരോഗ്യം |
| വാച്ച് | തയ്യൽ |
| ഔഷധം | സമയം |
| അംബ | കാള |
| ഋഷഭം | അമ്മ |

❖ **വാക്യം നിർമ്മിക്കുക.**

| | | |
|---|---|---|
| രാമൻ | പാട്ട് | പഠിച്ചു |
| സീത | പുസ്തകം | പാടി |
| ഗൗരി | നൃത്തം | ചെയ്തു |

- ..................................................................
- ..................................................................
- ..................................................................

❖ **ചിത്രം വരയ്ക്കാം; പേരെഴുതാം.**